കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്
e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.1/1539 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 0495-2371012
തീയതി – 05.08.2017

]ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.1/1539/2017 തീയതി – 05.08.2017

# കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.4.2016 മുതൽ 31-3-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.രാജൻ.സി ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.6.2017 മുതൽ 1.7.2017 വരെ, 20.7.2017 മുതൽ 22.7.2017 വരെ, |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.പി.കെ. ഉണ്ണി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷാജു തോമസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (20.7.2017 മുതൽ 22.7.2017 വരെ) |
| ശ്രീമതി.പി.ഷൈനി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ആർ.കെ.ദിശ | സീനിയർ ഗ്രേഡ് ഓഡിറ്റർ (27.6.2017 മുതൽ 1.7.2017 വരെ) |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എൻ.സി.ഉസ്സൈൻ | 1.4.2016മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ.പി.എസ്.സാദിക്ക് മഹ്ദൂം | 1.4.2016മുതൽ 29.11.2016 വരെ |
| | ശ്രീ.പി.രാമചന്ദ്രൻ | 30.11.2016 മുതൽ31.3.2017വരെ |

നിർവഹണദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഗിരിജ.കെ | 1.4.2016 മുതൽ 31.3.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അഖില ഉണ്ണികൃഷ്ണൻ | 1.4.2016മുതൽ 8.2.2017 വരെ |
| | ശ്രീ. പ്രദീപ് കുമാർ.പി | 9.2.2017 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.കെ.കെ.അബ്ദുറഹിമാൻ | 1.4.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.മുഹമ്മദ് ഷെരീഫ്.പി.പി | 1.4.2016 മുതൽ 31.3.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.വിക്രാന്ത് | 1.4.2016 മുതൽ 31.3.2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അബ്ദുൾ ഷുക്കൂർ | 1.4.2016 മുതൽ 31.3.2017വരെ |
| വി.ഇ.ഒ | ശ്രീമതി.ശ്രീജ.ടി.എസ് | 1.4.2016 മുതൽ 31.3.2017വരെ |
| | ശ്രീമതി.ശ്രീകല.കെ.സി | 1.4.2016 മുതൽ 31.3.2017വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.പത്മാക്ഷി | 1.4.2016 മുതൽ 31.3.2017വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഓഡിറ്റ് സാക്ഷ്യപത്രം | 1-11 |

| | | |
|---|---|---|
| ഭാഗം 2 | | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 13 | രശീത് ബുക്കിലെ അപാകതകൾ | 2-2 |
| 14 | തൊഴിൽ നികുതി റിട്ടേണിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നില്ല. | 2-3 |
| 15 | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | 2-4 |
| 16 | രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല. | 2-5 |
| 17 | കരാർ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയതിൽകുറവ് | 2-6 |
| 18 | വസ്തുനികുതി അപാകതകൾ | 2-7 |
| 19 | കെട്ടിട നിർമ്മാണലൈസൻസ് അപാകതകൾ | 2-8 |
| ഭാഗം 3 | | |
| 20 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ആധികാരികതയില്ലാതെ അധികകനത്തിൽ ചെയ്തതും മറ്റപാകതകളും-പഞ്ചായത്തിന് നഷ്ടം | 3-1 |
| 21 | കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിച്ചില്ല – ഫൈനൽ ബിൽ നൽകി - മാന്വലിന് വിരുദ്ധം | 3-2 |
| 22 | ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ - അപാകതകൾ | 3-3 |
| 23 | വനിതകൾക്ക് മുട്ടക്കോഴി വിതരണം പദ്ധതി നടത്തിപ്പിൽ അപാകതകൾ | 3-4 |
| 24 | എസ്.സി. വനിതകൾക്ക് മുട്ടക്കോഴി വിതരണം - പദ്ധതി നടത്തിപ്പിൽ വീഴ്ചകൾ | 3-5 |
| 25 | വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി നടത്തിപ്പിൽ അപാകതകൾ | 3-6 |
| 26 | പട്ടികജാതിക്കാരുടെ സങ്കേതങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിൽ അപാകതകൾ | 3-7 |
| 27 | അങ്കണവാടി വൈദ്യുതീകരണം - അപാകതകൾ | 3-8 |
| 28 | വനിതകൾക്ക് പെണ്ണാട് വിതരണം - പദ്ധതിയുടെ നിബന്ധനകൾക്ക് വിരുദ്ധമായി ആട്ടുകളെ വിതരണം ചെയ്തു. | 3-9 |
| 29 | പത്രപരസ്യം ആവശ്യമായ ഡിസ്കൗണ്ട് തുക ആവശ്യപ്പെട്ടില്ല. | 3-10 |
| 30 | സമ്പൂർണ്ണ വൈദ്യുതീകരണം -വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമല്ല. | 3-11 |
| 31 | മരുന്നുകൾ ലഭ്യമാക്കിയില്ല. | 3-12 |
| 32 | വിനിയോഗവിവരം ഹാജരാക്കിയില്ല. | 3-13 |
| 33 | ഭവന നിർമ്മാണം- പൂർത്തിയായില്ല. | 3-14 |
| ഭാഗം 4 | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 24.3.2017 തിയതിയിലെ 28/17ാം നം. തീരുമാനപ്രകാരം പാസ്സാക്കി.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 15.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./തീയതി |
|---|---|---|
| 2016-17 | 22.07.2017 | കെ.എസ്.എ/കെ.കെ.ഡി /പി.1/1539 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4744820 |
| വരവ് | 53585392 |
| ആകെ | 58330212 |
| ചെലവ് | 51506995 |

| | |
|---|---|
| നീക്കിയിരിപ്പ് | 6823217 |

## 1-5 ഫണ്ട് വിനിയോഗം (വാർഷിക കണക്കുകൾ പ്രകാരമുള്ളത്)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11507841 | 11507841 | 11507841 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3208101 | 3208101 | 3208101 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 13446 | 13446 | 13446 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3521770 | 3521770 | 3521770 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2723165 | 2723165 | 2723165 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6012659 | 6012659 | 6012659 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1978453 | 1978453 | 1978453 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2934 | 15897624 | 15900558 | 15887437 | 13121 |
| ബി ഫണ്ട് | 0 | 31651455 | 31651455 | 31651455 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 54470726 | 146 | 35786860 | | 23 | 86.39 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 30.92ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2961638 | 4144869 | 1183231 | (+)39.95 |
| നികുതിയേതര വരവുകൾ | 699751 | 814104 | 114353 | (+)16.34 |
| മറ്റുവരവുകൾ | 200853 | 97548 | (-)103305 | (-)51.4 |
| ആകെ | 3862242 | 5056521 | 1194279 | (+)30.92 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 559410 | 345 |
| കർഷകതൊഴിലാളി പെൻഷൻ | 4042870 | 454 |
| വിധവാപെൻഷൻ | 12124090 | 975 |
| വാർദ്ധക്യകാലപെൻഷൻ | 10314330 | 945 |
| വികലാംഗപെൻഷൻ | 4017625 | 381 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 318130 | 30 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 270000 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.7.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസില്ല എന്ന് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.6.2017 മുതൽ 20.6.2017വരെ | 1.5.2017 മുതൽ 31.5.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | -- | 2005-06 മുതൽ 2009-10 വരെ | LBA(HQ)1/TPQ/10-11/LBA1/7 Dated 28.4.2010 |

## 1-11 ഓഡിറ്റ് സാക്ഷ്യപത്രം

2016-17 വർഷത്തെ ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കിലെ അപാകതകൾ

2016 - 17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) വസ്തുനികുതി( തൻവർഷം, കുടിശ്ശിക) ഡിമാന്റ്, കലക്ഷൻ തുകകൾ ഡിമാന്റ് രജിസ്റ്ററിലും വാർഷിക ധനകാര്യ പത്രികയിലും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | ഡിമാന്റ് രജിസ്റ്റർ പ്രകാരം | | വാർഷിക ധനകാര്യ പത്രിക പ്രകാരം | |
|---|---|---|---|---|
| | ഡിമാന്റ് | കലക്ഷൻ | ഡിമാന്റ് | കലക്ഷൻ |

| | | | | |
|---|---|---|---|---|
| വസ്തുനികുതി (തൻവർഷം) | 3008827 | 2036673 | 2580629 | 2116292 |
| വസ്തുനികുതി (കുടിശ്ശിക) | 2069385 | 860137 | 1452340 | 838702 |

2) വസ്തുനികുതിയുടെ കാര്യത്തിൽ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള ഡിമാന്റ് , കലക്ഷൻ തുകകളും ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഡിമാന്റ് | റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കലക്ഷൻ | ബാലൻസ് ഷീറ്റ് പ്രകാരം ബാലൻസ് | യഥാർത്ഥത്തിലുള്ള ബാലൻസ് |
|---|---|---|---|---|
| വസ്തുനികുതി (തൻവർഷം) | 2580629 | 2116292 | 487553 | 2580629 – 2116292 = 464337 |
| വസ്തുനികുതി (കുടിശ്ശിക) | 1452340 | 838702 | 224166 | 1452340 – 838702 = 613638 |

3) 31.3.17ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി - 17 പ്രകാരം ട്രഷറി വി പി എഫ് എ 1-2 അക്കൗണ്ടിൽ 16792 രൂപയും ട്രഷറി വി പി എഫ് എ 1-3 അക്കൗണ്ടിൽ 313രൂപയും നീക്കിയിരിപ്പുണ്ട്. മേൽ അക്കൗണ്ടുകളുടെ പാസ്സ് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും മൂല്യ നിർണ്ണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

5) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

6)ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ 27/22.7.17നം. ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 രശീത് ബുക്കിലെ അപാകതകൾ

കിഴക്കോത്ത്ഗ്രാമപഞ്ചായത്തിന്റ2016-17ലെരശീത്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

രശീത് ബുക്ക് - അപാകതകൾ

1) 28656 - ക്യൻസൽ ചെയ്ത രശീതുകൾ - 24ാംനം രശീത് ക്യാൻസൽ ചെയ്തിരിക്കുന്നു.രശീതിന്റെ ഒറിജിനൽ ഇല്ല.34ാം രശീത് ക്യാൻസൽ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.രശീതിന്റെ പകർപ്പില്ല.44ാംനംരശീത്ക്യാൻസൽചെയ്തിരിക്കുന്നു-ഒറിജിനലും പകർപ്പുമില്ല.54ാം നം രശീത്-ഒറിജിനലും പകർപ്പുമില്ല.,85ാം നം രശീത് പകർപ്പില്ല.

2)2866 2 ക്യാൻസൽചെയ്ത രശീതുകൾ-രശീത് നം 4-ഒറിജിനൽ,കോപ്പി ഇല്ല.രശീത് നം15-കോപ്പിയില്ല.,44-ഒറിജിനൽ&കോപ്പി ഇല്ല.,75- കോപ്പിയില്ല.

3)-28653- ക്യാൻസൽ ചെയ്ത രശീതുകൾ-25ാം രശീത്-ഒറിജിനൽ&കോപ്പിയില്ല.,45 ,ഒറിജിനൽ&കോപ്പിയില്ല.,75 ഒറിജിനൽ ഇല്ല.

4)28655- 5ാംരശിത്-ഒറിജിനൽ&കോപ്പിയില്ല.,15കോപ്പിയില്ല.45 ഒറിജിനൽ &കോപ്പിയില്ല.,75,കോപ്പിയില്ല.

5)28657- 64ാംരശീത്,ഒറിജിനൽ&കോപ്പിയില്ല.

6) 28659- 64ാം രശീത് ഒറിജിനൽ&കോപ്പിയില്ല.

85ാംരശീത് കോപ്പിയില്ല.

94ാം രശീത് ഒറിജിനൽ,കോപ്പിയില്ല.

മേൽ നഷ്ടപ്പെട്ട രസീതികളിലൂടെ കളക്ഷൻ നടത്തിയിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-3 തൊഴിൽ നികുതി റിട്ടേണിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നില്ല.

ഓഫീസ് മേധാവികൾ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേണുകളിൽ താഴെ ചേർക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.

1. ലീവ് സറണ്ടർ പ്രകാരമുള്ള വരുമാനം-ഉദാഹരണം ഗ്രാമപഞ്ചായത്തിലേയും,കൃഷിഭവനിലേയും ജീവനക്കാരുടെയും തൊഴിൽനികുതി റിട്ടേണുകൾ.

2.ബോണസ്/ഫെസ്റ്റിവൽ അലവൻസ് പ്രകാരമുള്ള വരുമാനം-

ഉദാഹരണം--കൃഷിഭവൻ, പി.എച്ച് സി കിഴക്കോത്ത്, ജി എച്ച് എസ് എസ് പന്നൂർ

3. മുൻവർഷം സ്ഥാപനത്തിൽ ഉണ്ടായിരുന്നവർ സ്ഥലം മാറിപ്പോയതിന്റെയും ,പുതിയതായി ജോലിയിൽ പ്രവേശിച്ചതിന്റെയും തിയതിയടക്കമുള്ള വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.

വീട്ടുവാടകബത്ത ഒഴികെയുള്ള എല്ലാവരവുകളും തൊഴിൽനികുതി റിട്ടേണുകളിൽ ഉൾപ്പെടുത്തേണ്ടതാണെങ്കിലും ലീവ് സറണ്ടർ ,ബോണസ്/ഫെസ്റ്റിവൽ അലവൻസ് തുടങ്ങിയ വരുമാനങ്ങൾ ഉൾപ്പെടുത്താതെയാണ് തൊഴിൽനികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ പഞ്ചായത്ത് സെക്രട്ടറിയടക്കമുള്ള ഓഫീസ് മേധാവികൾ റിട്ടേൺ സമർപ്പിച്ചിരിക്കുന്നതും ഇത് അംഗീകരിച്ച് നികുതി ഈടാക്കിയിരിക്കുന്നതും

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 2-4 തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ 10 ജീവനക്കാർ 4/2016 ലും ഓഫീസ് അറ്റൻന്റ് ശ്രീമതി മസീദ അടക്കം 3പേർ 16/12/2016 ലും ആർജീതാവധി സറണ്ടർ ചെയ്തിരുന്നു. ഗ്രാമപഞ്ചായത്തിന്റെ തൊഴിർനികുതി റിട്ടേണിൽ ലീവ്സറണ്ടർ ഉൾപ്പെടുത്താതെയാണ് നികുതിനിർണ്ണയിച്ചിരിക്കുന്നത്. വരുമാനത്തിൽ ലീവ്സറണ്ടർ ഉൾപ്പടുത്തുമ്പോൾ ഓഫീസ് അറ്റൻന്റ് മസീദ രണ്ടാംപകുതിയിൽ ഒടുക്കേണ്ട തൊഴിൽ നികുതിയിൽ മാറ്റം വരുന്നുണ്ട്.

ശ്രീമതി മസീദയുടെ രണ്ടാം അർദ്ധവർഷത്തെ ശരാശരി പ്രതിമാസശമ്പളം 20140 രൂപയാണ്. (17000+2040+1000+100).ഇതിൽ നിന്നും വീട്ടുവാടകബത്തയും സ്ഥിരയാത്രാബത്തയും ഒഴിവാക്കിയാൽ 19040 രൂപയാണ് പ്രതിമാസവേതനം. ശ്രീമതി മസീദയുടെ രണ്ടാം അർദ്ധവർഷത്തെ ആകെ വരുമാനവും റിട്ടേണിൽക്കാണിച്ച വരുമാനവും ,ഈടാക്കിയ തൊഴിൽനികുതിയും ഈടാക്കേണ്ടിയിരുന്ന തൊഴിൽനികുതിയും താഴെ ചേർക്കുന്നു.

ആകെ വരുമാനം 19040—6= 114240+ ലീവ് സറണ്ടർ-19530(17000+1530+1000) ആകെ 133770

ഈടാക്കേണ്ട തൊഴിൽനികുതി 1250

റിട്ടേണിൽ കാണിച്ച വരുമാനം 120840

ഈടാക്കിയതൊഴിൽനികുതി 1000

തൊഴിൽനികുതി ഈടാക്കിയതിൽവന്നകുറവ് 1250-1000=250

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക ഉത്തരവാദിയിൽ നിന്നീടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-5 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല.

താഴെ ചേർക്കുന്ന 3 സ്ഥാപനങ്ങളിലെ താഴെ ചേർക്കുന്ന ജീവനക്കാരിൽനിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഡിമാൻറ്ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ.നം | പേര്, ഉദ്യോഗപ്പേര് | വരുമാനം | ഒന്നാം അർദ്ധവർഷത്തെ ഈടാക്കിയ നികുതി |
|---|---|---|---|
| കിഴക്കോത്ത് സർവ്വീസ് സഹകരണ ബേങ്ക് | | | |
| 1. | പുഷ്പ, കളക്ഷൻ ഏജന്റ് | 75421 | 750 |
| 2. | സി.തങ്കമണി | 66266 | 600 |
| | കെ.വസന്ത | 71886 | 600 |
| വലിയ പറമ്പത്ത് സർവ്വീസ് സഹകരണ ബേങ്ക് | | | |
| 3. | പി.എം.ബിന്ദു | 75000 | 750 |
| 4. | എം.ബിന്ദു | 7500 | 750 |
| 5. | പി.എം.സുമതി | 7500 | 750 |
| ആവിലോറ സർവ്വീസ് സഹകരണ ബേങ്ക് | | | |
| 6. | പി.കെ. സൗമിനി | 72606 | 600 |
| 7. | പി.എം. വാസന്തി | 55319 | 450 |

മേൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരിൽനിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമല്ല.

ബന്ധപ്പെട്ടവരിൽനിന്നും തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## **2-6** കരാർ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയതിൽകുറവ്

ഗ്രാമപഞ്ചായത്തിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ടെക്നിക്കൽ അസിസ്റ്റൻറ്,മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു.

മേൽപരാമർശിച്ചിരിക്കുന്ന ജീവനക്കാരുടെ വേതനം 1-4-2016 മുതൽ മുൻകാലപ്രാബല്യത്തോടെ വർദ്ധിപ്പിക്കുകയും കുടിശിക ഉൾപ്പെടെ നൽകുകയും ചെയ്തിരുന്നുവെങ്കിലും നികുതി റിട്ടേണിൽ വർദ്ധനവ് വരുന്നതിന് മുമ്പുള്ള വരുമാനം മാത്രം കാണിച്ച് നികുതി ഈടാക്കുകയുമാണ് ചെയ്തിരിക്കുന്നത്. അതുപോലെതന്നെ ആർജിതാവധി സറണ്ടർ ചെയ്തതുവഴി ലഭിച്ച വരുമാനവും റിട്ടേണിൽ ഉൾപ്പടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

റിട്ടേൺ നമ്പർ 39

| ക്ര.നം | ജീവനക്കാരുടെ പേര്/ഉദ്യോഗപ്പേര് | ഒന്നാം പകുതിയിലെ വരുമാനം | ഈടാക്കിയ നികുതി | രണ്ടാം പകുതിയിലെ വരുമാനം | ഈടാക്കിയ നികുതി |
|---|---|---|---|---|---|
| 1 | ഫസ്ന നദീറ ടെക്നിക്കൽ അസിസ്റ്റൻറ് | 83400 | 750 | 120000 | 1000 |
| 2 | ജാസ്മീന AE | 99000+2400 | 750 | 99000 | 750 |

| | | | | | |
|---|---|---|---|---|---|
| | MNREGS | | | | |
| 3 | ഷബ്ന ഓവർസിയർ | 79200+2400 | 750 | 79200 | 750 |
| 4 | ജമീന അക്കൗണ്ടൻറ് | 79200+2400 | 750 | 79200 | 750 |
| 5 | ഷിറാസ് DEO | 79000+2400 | 750 | 79200 | 750 |

മേൽപരാമർശിച്ചിരിക്കുന്ന ജീവനക്കാരിൽ ശ്രീമതി ജാസ്മീനയുടെ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെയും മറ്റുള്ളവരുടെ രണ്ടാം അർദ്ധവർഷത്തേയും വരുമാനം കണക്കാക്കിയതിലും തൊഴിൽനികുതി ഈടാക്കിയതിലും അപാകതയുണ്ട്.

ഗ്രാമപഞ്ചായത്തിൽനിന്നും വേതനം കൈപ്പറ്റുന്നവരുടെ നികുതി റിട്ടേൺ പോലും ശരിയായ പരിശോധന നടത്താതെയാണ് നികുതി സ്വീകരിച്ചിരിക്കുന്നത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ജീവനക്കാർ ഓരോ അർദ്ധവർഷത്തിലും കൈപ്പറ്റിയ വരുമാനം കണക്കാക്കി ആനുപാതികമായുള്ള തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-7 വസ്തുനികുതി അപാകതകൾ

2016-17വർഷത്തെ വസ്തുനികുതി പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ ചേർക്കുന്നു

1. 2016-17 വർഷത്ത ന്യൂബിൽഡിംഗ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, നിർണ്ണയ അപേക്ഷകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്.

2.18 വാർഡുകളിലും നികുതിനിർണ്ണയരജിസ്റ്റർ എഴുതി ഓരോവർഷത്തേയും പുതിയകെട്ടിടങ്ങളുടെ വിവരം ചേർക്കുന്നുണ്ടെങ്കിലും അപേക്ഷകളിലും രജിസ്റ്ററിലും ക്രമനമ്പറോ ഡിമാന്റ് നമ്പറോ ചേർക്കുന്നില്ല.

3. വസ്തുനികുതി നിർണ്ണയം - സ്ഥലപരിശോധനാറിപ്പോർട്ട് അപൂർണ്ണം

2011ലെ കേരളപഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരമാണ് വസ്തുനികുതിനിർണ്ണയിക്കുന്നത്.ഈ ചട്ടത്തിൻെറ അടിസ്ഥാനത്തിൽ 3 മേഖലകളായിതിരിച്ച് മേഖല,വഴിസൗകര്യം,മേൽക്കൂര,കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ അടിസ്ഥാനനികുതിയിൽ ഇളവുകളും, വഴിസൗകര്യം,തറനിർമ്മിതി,കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനം എന്നിവയുടെ അടിസഥാനത്തിൽ വർദ്ധനവും വരുത്തിയാണ് നികുതിനിർണ്ണയിക്കുന്നത് 5 മീറ്ററിലധികം വീതിയുള്ള റോഡുള്ളവയ്ക്ക് 20%, മേൽത്തരം വസ്തുക്കൾക്കൊണ്ട് തറനിർമ്മിച്ചതും 250 ച.മീറ്ററിലധികം വിസ്തൃതിയുള്ളതുമായ കെട്ടിടങ്ങൾക്ക്15% ,കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനമുള്ളവയ്ക്ക് 10% എന്നിങ്ങനെ അടിസഥാനനികുതിയിൽ വർദ്ധനവ് നൽകിയാണ് നികുതി നിർണ്ണയിക്കേണ്ടത് 2016-17 ലെ നികുതിനിർണ്ണയങ്ങൾ പരിശോധിച്ചപ്പോൾ താഴെച്ചേർക്കുന്ന അപാകതകൾ കാണുന്നു നികുതിനിർണ്ണയത്തിനായി സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ നികുതി നിർണ്ണയിക്കാനാവശ്യമായ എല്ലാവിവരങ്ങളും ഉൾപ്പെടുത്തിയല്ല റിപ്പോർട്ട് സമർപ്പിക്കുന്നത്. പ്രത്യേകിച്ച് നികുതിവർദ്ധനവിന് പരിഗണിക്കേണ്ടകാര്യങ്ങളായ കെട്ടിടത്തിലേക്ക് വഴിസൗകര്യമുണ്ടോ ,ഉണ്ടെങ്കിൽ എത്രവീതിയിൽ,ഉപയോഗിച്ചിരിക്കുന്ന തറയുടെ വിവരം,എയർകണ്ടീഷനിംഗ് സംവിധാനമുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഒന്നും തന്നെ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല.

2016-17 പുതിയതായി നിർമ്മിച്ചിരിക്കുന്ന 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണമുള്ള ഭൂരിഭാഗം വീടുകളിലും ഗുണമേൻമയുള്ള വസ്തുക്കൾ തറയിടാൻ ഉപയോഗിച്ചിട്ടില്ലായെന്നാണ് കാണിച്ചിരിക്കുന്നത് .ഭീമമായ തുകമുടക്കി വലിയ വീടുകൾ പണിയുന്നവർ സാധരണതറയാണ് നിർമ്മിക്കുന്നത് എന്നുള്ളത് വിശ്വസനീയമല്ല.

നികുതിനിർണ്ണയത്തിനാവശ്യമായ എല്ലാക്കാര്യങ്ങളും പരിഗണിക്കപ്പെട്ടിരുന്നില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് മേൽ പരാമർശിച്ചതുപോലുള്ള ന്യൂനത പരിഹരിക്കപ്പെടേണ്ടതാണ്.

## 2-8 കെട്ടിട നിർമ്മാണലൈസൻസ് അപാകതകൾ

എ) റജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നു

കെട്ടിടനിർമ്മാണരജിസ്റ്ററിൽ പല രേഖപ്പെടുത്തലുകളും ഇല്ല. നിർമ്മാണംപൂർത്തിയാക്കിയ തിയ്യതി, കെട്ടിടനമ്പർ, പെർമിറ്റ് പുതുക്കിയ തിയ്യതി എന്നിരേഖപ്പെടുത്തലുകളില്ല. ഇതു കാരണം നിർമ്മാണം പൂർത്തിയാക്കിയതും പെർമിറ്റ് പുതുക്കിയതും ആയ കെട്ടിടങ്ങളുടെ വിവരം ലഭ്യമല്ല. രജിസ്റ്ററിലെ ഈ അപാകതകൾ മൂലം മുന്നവർഷം കാലാവധി കഴിഞ്ഞ പെർമിറ്റ്കളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന പരിശോധിക്കുവാൻ സാധ്യമല്ല.

ബി) കേരള കെട്ടിടനിർമ്മാണചട്ടങ്ങൾ 2011 (ജിഒഎംഎസ്41/ 2011/തസ്വഭവ 14/2011 Sro No.127/11) ചട്ടം 14പ്രകാരം അപേക്ഷ സ്വീകരിച്ച് 30 ദിവസത്തിനുള്ളിൽ കെട്ടിടങ്ങളുടെ നിർമ്മാണം അംഗീകരിച്ച്/നിരാകരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷകരെ അറിയിക്കേണ്ടതാണ്. എന്നാൽ തൻവർഷം സ്വീകരിച്ച 440 അപേക്ഷകളിന്മേൽ പകുതിയോളം അപേക്ഷകളിന്മേൽ പോലു തൻവർഷം സമയപരിധിക്കുള്ളിൽ തീരുമാനമെടുത്തില്ല.

സി) മേൽ ചട്ടം 17 പ്രകാരം കെട്ടിടങ്ങളുടെ നിർമ്മാണനവധി കാലാവധി 3വർഷമാണ്. എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ നിർമ്മാണകാലാവധി കഴിഞ്ഞിട്ടു തുടർ നടപടി എന്നാണ് സ്വീകരിച്ചത് എന്ന് വ്യക്തമല്ല.

| Sl.No | Current No&date | Name Address of Applicant | Nature of occupancy | Floor Area | permitfee&Application fee | remarks |
|---|---|---|---|---|---|---|
| 5 | 1906/02 /04/13 | മുഹമ്മദലി---മയിലാടിപാറക്കൽ | S.F.R | 102.28 | 350+20 | 100046/05/6/13 |
| 40 | 2124/16/4/13 | അതുമാൻ താഴെപ്പൊയിൽ | S.F.Radditional | 25.84 | 1485 | 100295/246/15 |
| 49 | 2252/23/4/13 | ഉസ്സൈൻ.വി.സി പറകിച്ചാലിൽ | pumphouse | 2.24 | 1410 | 100296/24.6.10 |
| 57 | 2274 | സിന്ധു കളിങ്ങാട്ട് പറമ്പ് | S.F.R. | 33.84 | ഇല്ല | ഇല്ല |
| 77 | 2498/13 | വേലായുധൻ-മുറിയഞ്ചേരികണ്ടിയിൽ | S.F.R | 132.15 | 333+20 | 101120/27.5.13 |
| 79 | 2508/13 /7.5.13 | ജമീല പുളിയാറക്കൽ | S.F.R | 144.76 | 363 | ഇല്ല |
| 130 | 2968/13 28/09/13 | പി.സി.അബ്ദുൾറസാക്ക് പുത്തൻവീട്ടിൽ | S.F.R | 195 | 441 | ഇല്ല |
| 229 | 4 392/13 /9/8/13 | അഹമ്മദ് ചീടിക്കുളങ്ങര | S.F.R | 199'63 | 800 | 2102151/6/4/13 |
| 454 | 8558/13 /31/12/13 | അബ്ദുറഹമാൻ.കെ.കെ കാളൻകുന്നത്ത് | SFR | 193.39 | ഇല്ല | ഇല്ല |
| 472 | 892/14/ 15/1/14 | മുഹമ്മദ്ഹനീഫ | S.F.R | 50.93 | ഇല്ല | ഇല്ല |

മേൽ കാണിച്ച അപാകതകൾക്ക് വിശദികരണം നൽകേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ആധികാരികതയില്ലാതെ അധികകനത്തിൽ ചെയ്തതും മറ്റപാകതകളും-പഞ്ചായത്തിന് നഷ്ടം

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഓഡിറ്റ് വർഷം റോഡ് പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ റോഡുകളിൽ വ്യാപകമായി കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തതായി കാണുന്നു. റോഡുകളെ നാഷണൽ ഹൈവേ,സ്റ്റേറ്റ് ഹൈവേ,മേജർ ജില്ലറോഡുകൾ,മറ്റ് ജില്ലറോഡുകൾ,ഗ്രാമീണറോഡുകൾ എന്നിങ്ങനെയാണ് തരംതിരിച്ചിരിക്കുന്നത്. അധികച്ചെലവ് കാരണം സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് സ്റ്റേറ്റ് ഹൈവേകളിൽ ഒഴിവാക്കി യതായി ഐ.ആർ.സി.സ്പെസി ഫിക്കേഷന്റെ ആമുഖത്തിൽ പറയുന്നുണ്ട്. സ്റ്റേറ്റ് ഹൈവേകളിൽ വളവുകളിൽ ഡിപ്(dip)വരുന്ന ഇടങ്ങളിലും ബസ്സ്റ്റേഷനുകൾക്കടുത്തും മാർക്കറ്റിന്റെ ഭാഗങ്ങളിലും വേണമെങ്കിൽ കോൺക്രീറ്റ് ചെയ്യാമെന്നാണ് വിശദീകരിച്ചിട്ടുള്ളത്. കോൺക്രീറ്റ് ചെയ്യുമ്പോൾ സബ് ഗ്രേഡ് നല്ല പോലെ കൺസോളിഡേറ്റ് ചെയ്യാനും എക്സ്പാൻഷന്(expansion) ആവശ്യമായ പ്രൊവിഷൻ ഉൾപ്പെടുത്താനും നിഷ്കർഷിക്കുന്നുണ്ട്. മേൽപറഞ്ഞവയല്ലാതെ സ്റ്റേറ്റ് റോഡുകളിൽ ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തിയാണ് ചെയ്യേണ്ടതെന്ന് ഐ.ആർ.സി.യിൽ പ്രതിപാദിച്ചിട്ടുണ്ട്. സ്റ്റേറ്റ് റോഡുകളിൽ പരിമിതമായി ഉപയോഗിക്കാൻ നിർദ്ദേശിച്ചിട്ടുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ് പഞ്ചായത്തിലെ ഗ്രാമീണ റോഡുകളിൽ ചെയ്തിട്ടുള്ളത്. ഐ.ആർ.സി.58,ഐ.ഐർ.സി.15-2011 എന്നിവയാണ് കോൺക്രീറ്റ് പേവ്മെന്റിനുള്ള സ്പെസിഫിക്കേഷനുകൾ.ഇവയൊന്നും ഗ്രാമീണറോഡുകൾക്ക് ബാധകമല്ല. മാത്രമല്ല ഐ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം ട്രാഫിക്കിന്റെ ആധിക്യം മൂലമുള്ള ലംബദിശയിലുള്ള ലോഡാണ് റോഡിന്റെ ഉപരിതലത്തിന്റെ തരം തെരഞ്ഞെടുക്കുന്നതി ന്റെ മാനദണ്ഡം.അത് കൊണ്ടാണ് സ്റ്റേറ്റ് റോഡുകളിൽ വരെ കോൺക്രീറ്റ് ചെയ്യുന്നത് പരിമിതപ്പെടുത്തിയത്. പഞ്ചായ ത്തിലെ റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് പ്രധാനകാരണമായി പറയുന്നത് മണ്ണിനടിയിൽ നിന്നുള്ള ഉറവയാണ്. ഉറവയെടുക്കുന്നതിന് പരിഹാരമായി കോൺക്രീറ്റ് ചെയ്യാമെന്ന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ പരാമർശിച്ചിട്ടില്ല.സബ് ഗ്രേഡ് ബലപ്പെടു ത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും (embankment)ഡ്രെയിനേജുമാണ് പ്രതിവിധിയെന്ന് ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ 305നം.ഇനത്തിൽ വിശദീകരിക്കുന്നുണ്ട്.വെള്ളക്കെട്ടുള്ള ഭാഗങ്ങളിലും വെള്ള പൊക്കമുള്ള പ്രദേശങ്ങളിലും സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് IRC34ൽ വ്യക്തമാക്കിയിട്ടുണ്ട്.

വാഹനബാഹുല്യം കുറഞ്ഞ റോഡുകളിൽ കോൺക്രീറ്റ് പ്രവൃത്തി ചെയ്യുന്നത് സംബന്ധിച്ച് IRC:SP:62-2014ലാണ് വിവരിക്കുന്നത്.വാഹനങ്ങളുടെ എണ്ണമനുസരിച്ചാണ് ഏത് തരത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ് വേണ്ടതെന്ന് നിശ്ചയിക്കുന്നത്.കോൺക്രീറ്റ് ചെയ്യുന്നതിന് മുമ്പ് സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനാണ് കൂടുതൽ പ്രാധാന്യം നല്കിയിട്ടുള്ളത്.

മറ്റ് വ്യവസ്ഥകൾ പാലിച്ച് നടപ്പാതകളിൽ 40എംഎം മെറ്റൽ ഉപയോഗിച്ച് 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് 10cm കനത്തിലും 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് 5cm കനത്തിലു മാണ് ചെയ്യേണ്ടതെന്ന് ചീഫ് എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട് (ഡിബി4- 9099/2015/സിഇ/തസ്വഭവ. തീ.28.09.15 കത്ത്കാണുക). വാഹനങ്ങളുടെ ബാഹുല്യവും സബ് ഗ്രേഡിന്റെ ഉറപ്പും പരിഗണിച്ച് റോഡുകളിൽ 40എംഎം മെറ്റൽ ഉപയോഗിച്ച് 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് 10മുതൽ15cmവരെയുള്ള കനത്തിലും 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് 5മുതൽ 7.5cmവരെയുള്ള കനത്തിലുമാണ് ചെയ്യേണ്ട തെന്ന് പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.വാഹനങ്ങളുടെ ബാഹുല്യമുണ്ടെന്ന് കാണിക്കുന്ന സർവ്വെ റിപ്പോർ ട്ടോ മറ്റെന്തെങ്കിലും രേഖകളോ ഇല്ലാതെയാണ് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. കോൺക്രീറ്റ് പ്രവൃത്തികൾ അധികകനത്തിൽ ചെയ്തത് കാരണം പഞ്ചായത്തിന് അധികച്ചെലവ് വന്നിട്ടുണ്ട്.

കൂടാതെ ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തിയിൽ 40എംഎം മെറ്റലുപയോഗിച്ച് 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിക്ക് ഡിഎസ്ആർ(DSR)കോഡ് നം.4.1.4 ലെ നിരക്ക് യഥാക്രമം 6247/m3, 6406.94/m3 (കോസ്റ്റ് ഇൻഡക്സ് 1.3143 & 1.381 എന്നിവ ഉൾപ്പടെ) എന്നിവ എടുക്കേണ്ടതിന് പകരം 11.7ലെ നിരക്ക്/ 6582.02/m3, 6916.05/m3 എന്നിവ കണക്കാക്കിയത് കാരണം അധികച്ചെലവ് വന്നിട്ടുണ്ട്. കരാറുകാർ മുഖേനയുള്ള പ്രവൃത്തിയിൽ 7548.96/m3ന പകരം 7953.46/m3 രൂപ നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു. ശരിയായ നിരക്ക് ഉൾപ്പെടുത്തിയാണ് നഷ്ടം കണക്കാക്കിയത്.

| ക്രമനം. | പ്രവൃത്തിയുടെ വിവരം | ചെയ്ത കോൺക്രീറ്റ് പ്രവൃത്തിയുടെ കനവും നൽകിയ തുകയും | നൽകാവുന്ന കനവും തുകയും | അധികം നൽകിയത് |
|---|---|---|---|---|
| 1 | പ്രൊജക്ട് - S050/17 പിലാത്തോട്ടത്തിൽ- പൊന്ത്രമല റോഡ്<br>എംബുക്ക്- 209/15-16<br>ചെലവ്- 98410രൂപ, | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>112.53m2x0.075 =8.44m3 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി- 112.53m2x0.05 =5.63m3<br>5.63x6247/ m3 35171രൂപ | 20381രൂപ |

| | | | | |
|---|---|---|---|---|
| | വൗച്ചർനം. 21601007/31.3.17<br>തനത് ഫണ്ട്<br>കൺവീനർ - പി.പി.അബ്ദുറഹ്മാൻ<br>സാങ്കേതികാനുമതി-kdy/kzth /26/15-16 dt 17.7.15 | 8.44x6582.02/m3 = 55552രൂപ | | |
| 2 | പ്രൊജക്ട് - S092/17 പുളിയുള്ളതിൽ-മാവുള്ളകണ്ടി റോഡ്<br>എംബുക്ക്- 161/15-16<br>ചെലവ്- 50000രൂപ,<br>വൗച്ചർനം. 21600853/27.3.17<br>തനത് ഫണ്ട്<br>കരാറുകാരൻ - അബ്ദുസലീം<br>സാങ്കേതികാനുമതി-kdy/kzth /103/15-16 dt 18.8.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>43.25m2x0.08 =3.46m3<br>3.46x7953.46/m3 = 27519രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി- 43.25m2x0.05 =2.16m3<br>2.16x7548.96/ m3 = 16306രൂപ | 11213രൂപ |
| 3 | പ്രൊജക്ട് - S0120/17 കൊന്തലത്ത് താഴം റോഡ് കോൺക്രീറ്റ്<br>എംബുക്ക്- 54/16-17<br>ചെലവ്- 243750രൂപ, വൗച്ചർനം. 21600818/20.3.17<br>മെയിന്റനൻസ് ഗ്രാൻറ് റോഡ്<br>കൺവീനർ - സലീം കളരിക്കൽ<br>സാങ്കേതികാനുമതി-TS No.19999/16-17 dt24.11.16 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>183.4m2x0.1 =18.34m3<br>18.34x7056.64/m3 = 129418രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി- 183.4m2x0.075 =13.76m3<br>13.76x7056.64/m3= 97099രൂപ | 32319രൂപ |
| 4 | പ്രൊജക്ട് - S0142/17 തണ്ണിക്കുണ്ട് അംഗൻവാടി റോഡ് കോൺക്രീറ്റ്<br>എംബുക്ക്- 67/16-17<br>ചെലവ്- 100000രൂപ,<br>വൗച്ചർ നം. 21601075/31.3.17<br>വികസനഫണ്ട്<br>കരാറുകാരൻ - ടി.എം.രാധാകൃഷ്ണൻ<br>സാങ്കേതികാനുമതി-TS No.76678/16-17 dt21.2.17 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>100.4m2x0.075 =7.53m3<br>7.53x7548.96/m3 = 56843രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി- 100.4m2x0.05 =5.02m3<br>5.02x7548.96/ m3 = 37895രൂപ | 18948രൂപ |
| 5 | പ്രൊജക്ട് - S098/17 ഞേളിക്കുന്ന് ഫുട്പാത്ത് | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി- | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി- 44.2m2x0.05 =2.21m3 | 8447രൂപ |

| | | | | |
|---|---|---|---|---|
| | എംബുക്ക്- 170/14-15<br>ചെലവ്- 50000രൂപ, വൗച്ചർനം. 21600857/27.3.17<br>തനത് ഫണ്ട്<br>കരാറുകാരൻ - പ്രമോദ്<br>സാങ്കേതികാനുമതി-kdy/kzth /17/15-16 dt 17.7.15 | 44.2m2x0.075 =3.32m3<br>3.32x7569.32/m3 = 25130രൂപ | 2.21x7548.96/ m3 = 16683രൂപ | |
| 6 | പ്രൊജക്റ്റ് - S0187/17 തണ്ണിക്കുണ്ട് ഉവ്വക്കുന്ന് റോഡ് കോൺക്രീറ്റ്<br>എംബുക്ക്- 64/16-17<br>ചെലവ്- 211905രൂപ, വൗച്ചർ നം. 21601068/31.3.17 ലോകബാങ്ക് ധനസഹായം<br>38905 രൂപ -തനത് ഫണ്ട് , വൗച്ചർനം. 21600946/29.3.17<br>കരാറുകാരൻ - അബ്ദുസലീം<br>സാങ്കേതികാനുമതി-TS No.77280/16-17 dt23.2.17 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>213.33m2x0.075 =16m3<br>16x7548.96/m3 = 120783രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി- 213.33m2x0.05 =10.66m3<br>10.66x7548.96/ m3 = 80472രൂപ | 40311രൂപ |
| 7 | പ്രൊജക്റ്റ് - S094/17 വള്ളുവർകുഴി നടപ്പാത<br>എംബുക്ക്- 94/16-17<br>ചെലവ്- 50000രൂപ, വൗച്ചർനം. 21600849/27.3.17 തനത് ഫണ്ട്<br>കരാറുകാരൻ - പ്രമോദ്<br>സാങ്കേതികാനുമതി-kdy/kzth /49/15-16 dt 23.7.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>43.73m2x0.075 =3.28m3<br>3.28x7569.32/m3 = 24827രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി- 43.73m2x0.05 =2.18m3<br>2.18x7548.96/ m3 = 16456രൂപ | 8371രൂപ |
| | | ആകെ | | 139990രൂപ |

മേൽ അപാകതകൾക്ക് അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 1.7.17ലെ ഓഡിറ്റ് എൻക്വയറി നം.5ന് മറുപടി സമർപ്പിച്ചിട്ടില്ല. അധിക ചെലവ് തുക139990/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-2 കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിച്ചില്ല – ഫൈനൽ ബിൽ നൽകി – മാന്വലിന് വിരുദ്ധം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ.(പി) 13/2012/PWD നമ്പർ പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തിയ്യതി മുതൽ യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി വരെയുള്ള കാലയളവിലേക്ക് ആദ്യ മൂന്ന് മാസത്തേക്ക് പി എ സി തുകയുടെ 1 ശതമാനവും പിന്നീടുള്ള ഓരോ മൂന്ന് മാസത്തിനും 2% വീതവും പിഴ ഈടാക്കി ദീർഘിപ്പിച്ചു നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം

കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല.

എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാർ അപേക്ഷ നൽകിയിട്ടില്ല.

(1)ഹെൽത്ത് സെന്റർ ചാപ്പങ്ങത്തോട്ടം റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് - SO78/17

അടങ്കൽ :20000 തനത് ഫണ്ട്

സാങ്കേതിക അനുമതി :kdy/RB/92/14-15/25.5.14

എഗ്രിമെന്റ് :62/15 തീയതി 13.10.14

കൺവീനർ :മുഹമ്മദ്.വി.കെ

ചെലവ് :16636രൂപ, വൗച്ചർ നം.21600908/28.3.17

ഹെൽത്ത് സെന്റർ ചാപ്പങ്ങത്തോട്ടം റോഡ് ചെയിനേജ് 0/150 മുതൽ 56 മീറ്റർ നീളത്തിൽ സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. 2014-15 വർഷം 130000രൂപ അടങ്കലിൽ ആരംഭിച്ച മേൽ പ്രവൃത്തി പ്രൊജക്ട് ഷെഡ്യൂൾ പ്രകാരം 31.3.15ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 14.2.15 ന് കൺവീനർ 4ബാരൽ ടാർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 24.2.16നാണ്.

(2). വടക്കേടത്ത് തവനൂർ റോഡ് മെറ്റലിംഗ്, ടാറിംഗ് - SO76/17

അടങ്കൽ :31716, മെയിന്റനൻസ് റോഡ്

സാങ്കേതിക അനുമതി : kdy/RB/87/14-15/25.8.13

എഗ്രിമെന്റ് :115/14-15 തീയതി 5.1.15

കൺവീനർ :മരക്കാർ

ചെലവ് :30921രൂപ, വൗച്ചർ നം.21600963/29.3.17

വടക്കേടത്ത് തവനൂർ റോഡ് ചെയിനേജ് 0/00 മുതൽ 90 മീറ്റർ നീളത്തിൽ മെറ്റലിംഗ്, ടാറിംഗ് ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. 2014-15 വർഷം 127000രൂപ അടങ്കലിൽ ആരംഭിച്ച മേൽ പ്രവൃത്തി പ്രൊജക്ട് ഷെഡ്യൂൾ പ്രകാരം 31.3.15ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 14.2.15 ന് കൺവീനർ 5ബാരൽ ടാർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 20.1.16നാണ്.

(3) മാക്കൂട്ടം പുതുശ്ശേരിക്കുന്ന് റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് - SO80/17

അടങ്കൽ :75995, തനത് ഫണ്ട്

സാങ്കേതിക അനുമതി :kdy/RB/81/14-15/25.8.14

എഗ്രിമെന്റ് :81/14-15 തീയതി 13.10.14,

കൺവീനർ :മുസ്തഫ

ചെലവ് :67608 രൂപ, വൗച്ചർ നം.21601011/31.3.17

മാക്കൂട്ടം പുതുശ്ശേരിക്കുന്ന് റോഡ് 51 മീറ്റർ നീളത്തിൽ സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. 2014-15 വർഷം 100000രൂപ അടങ്കലിൽ ആരംഭിച്ച മേൽ പ്രവൃത്തി പ്രൊജക്ട് ഷെഡ്യൂൾ പ്രകാരം 31.3.15ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 14.2.15 ന് കൺവീനർ 3ബാരൽ ടാർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 2.3.16നാണ്.

മേൽ പ്രവൃത്തികളിൽ ദീർഘീകരണം ലഭ്യമാകാതെ കരാറുകാർക്ക് ഫൈനൽ ബിൽ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ചെലവ് തുക 115165രൂപ തടസ്സത്തിൽ വെക്കുന്നു

## 3-3 ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 1999ൽ സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗരേഖ, എന്നിവകളിൽ വിവരിക്കുന്നു. പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഒരു പ്രവൃത്തി ഏതു രീതിയിൽ നിർവഹിക്കണമെന്ന് പഞ്ചായത്തിന് തീരുമാനിക്കാവുന്നതാണ്. ഉപചട്ടം 4 പ്രകാരം ഒരു പൊതുമരാമത്ത് പണി കൂടുതൽ സാങ്കേതികത്വം ഉള്ളതും യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്തേണ്ടതും വിദഗ്ദരുടെ മേൽനോട്ടം ആവശ്യമുള്ളതുമാണെങ്കിൽ കരാറുകാർ മുഖേന നടത്തണമെന്നും ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ ചെയ്യാവുന്ന സംഗതിയിൽ ഗുണഭോക്തൃ സമിതികൾ മുഖേനയും പണി നടത്താവുന്നതാണെന്ന് പഞ്ചായത്തിന് തീരുമാനിക്കാവുന്നതുമാണ്. ഇപ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന പണികൾ നടത്തുമ്പോൾ അവലംബിക്കേണ്ട നടപടിക്രമങ്ങൾ ചട്ടം 13 ൽ വിവരിക്കുന്നു. ഇതനുസരിച്ച് ഒരു പൊതുമരാമത്ത് പ്രവൃത്തി നടപ്പാക്കുന്നതുമൂലം പ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ഒരു യോഗം ബന്ധപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും നോട്ടീസ് നൽകിക്കൊണ്ട് പ്രസ്തുത പണിയുടെ ചുമതലയുള്ള നിർഹണോദ്യോഗസ്ഥൻ, വിളിച്ചു കൂട്ടേണ്ടതും വാർഡ് പ്രതിനിധിയുടെ അധ്യക്ഷതയിലുള്ള ഈ യോഗത്തിൽ വച്ച് 15 ൽ കവിയാതെയും 7 ൽ കുറയാതെയുമുള്ള അംഗങ്ങളടങ്ങുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കേണ്ടതുമാണെന്നും ഇതിൽ മൂന്നിലൊന്നു ഭാഗം വനിതകളായിരിക്കേണ്ടതാണെന്നും ഒരു കൺവീനറുണ്ടായിരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു (ചട്ടം 13(2). ചട്ടം 13(3) പ്രകാരം ഗുണഭോക്തൃ സമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ ബിനാമി ഇടപാട് പാടില്ലാത്തതും ബിനാമി ഇടപാട്ട് വെളിപ്പെടുന്ന പക്ഷം അതിനു കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കപ്പെടുന്നതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഗുണഭോക്തൃ സമിതികൾ മുഖേന നടത്തുന്ന പ്രവൃത്തികളുടെ കാര്യത്തിൽ അവയുടെ തൃപ്തികരമായ പൂർത്തീകരണം ഉറപ്പു നൽകിക്കൊണ്ട് പഞ്ചായത്തുമായി കൺവീനർ കരാർ വയ്ക്കേണ്ടതും ഇപ്രകാരം കരാർ വയ്ക്കാൻ കൺവീനറെ അധികാരപ്പെടുത്തിക്കൊണ്ടും നിർവഹണത്തിലുണ്ടാകുന്ന വീഴ്ച മൂലമുണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദിത്വം എറ്റെടുത്തുകൊണ്ടും സമിതിയംഗങ്ങൾ ഒരു സമ്മതപത്രം പഞ്ചയാത്തിന് സമർപ്പിക്കേണ്ടതുമാണ് (ചട്ടം 13(4). പ്രവൃത്തി പൂർത്തീകരണത്തിൽ സമിതിയുടെ വരവു ചെലവ് സംബന്ധിച്ച കണക്കുകളും ഗുണഭോക്തൃസമിതിയുടെ മിനിട്സ് ബുക്കു, മസ്റ്റർ റോളുകൾ തുടങ്ങി എല്ലാ രേഖകളും സമിതി അംഗീകരിച്ചതു പ്രകാരം സെക്രട്ടറിക്കു സമർപ്പിക്കേണ്ടതുമാണ്. പണമിടപാടുകൾ ഗുണഭോക്തൃ സമിതികളുടെ കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിൽ കൂടിയായിരിക്കേണ്ടതുമാണ്. ചട്ടം 17(1,2,) എന്നിവ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ വിവരം ഗ്രാമ സഭയുടെ അറിവിലേക്കായി ഗ്രാമസഭയുടെ അടുത്ത യോഗത്തിൽ അറിയിക്കേണ്ടതാണ്. ജി.ഒ.(എം.എസ്)248/2012 തസ്വഭവ തീ. 29.9.2012 പ്രകാരം (7.9(3)) ഒരു പ്രവൃത്തി ചെയ്യാനുള്ള സാമ്പത്തിക ശേഷിയും സാങ്കേതിക-സംഘടനാ പരിചയവും ഉണ്ടോ എന്ന് പരിശോധിച്ചുറപ്പു വരുത്തിയശേഷം മാത്രമേ ഗുണഭോക്തൃസമിതികളെ പ്രവൃത്തികൾ ഏൽപ്പിക്കാവൂ എന്നും നിർദ്ദേശിക്കുന്നു. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 3എ(ഐ) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തു വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃ സമിതികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക ഗ്രാമസഭയുടെ അധികാരത്തിൽപ്പട്ട കാര്യമാണ്. അതുപോലെതന്നെ ചട്ടം 3(2) പ്രകാരം ഗ്രാമസഭയുടെ പ്രദേശത്ത് നടപ്പിലാക്കിയതോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതോ ആയ പണികളുടെ എസ്റ്റിമേറ്റിന്റെയും അതിന്റെ സാമഗ്രികളുടെ ചെലവിന്റെ വിശദാംശങ്ങളെക്കുറിച്ചും അറിയാൻ ഗ്രാമസഭയ്ക്ക് അവകാശമുണ്ടായിരിക്കുന്നതുമാണ്.

ഗുണഭോക്തൃ സമിതികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മുകളിൽ പരാമർശിച്ച വ്യവസ്ഥകൾ നിലവിലുണ്ടെങ്കിലും ഇവയൊന്നും പാലിക്കാതെയാണ് ഗ്രാമപഞ്ചായത്ത് മരാമത്തു പ്രവൃത്തികൾ എറ്റടുത്തു നടപ്പിലാക്കിയത്.

1.1999ലെ ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും ഗുണഭോക്തൃസമിതി ചെയർമാന്റേയും കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടുകളിൽ കൂടി മാത്രമേ നടത്താൻ പാടുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്തിൽ പല പ്രവൃത്തികളിലും അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും ഇടപാടുകൾ അക്കൗണ്ടിൽ കൂടിയല്ല നടത്തുന്നത്.

2. വരവും ചെലവും അതാതു ദിവസം തന്നെ കൃത്യമായി രേഖപ്പെടുത്തുന്ന ലളിതമായ രൂപത്തിലുള്ള ഒരു വരവ്-ചെലവ് കണക്ക് പുസ്തകം സൂക്ഷിക്കേണ്ടതാണ്. എന്നാൽ വരവ് - ചെലവുകൾ പ്രത്യേകം രേഖപ്പെടുത്തുന്നതിനു പകരം മിനുട്സിൽ ചെലവ് മാത്രം രേഖപ്പെടുത്തുന്ന രീതിയാണുള്ളത്.

3. ഗുണഭോക്തൃസമിതി കൺവീനർ പഞ്ചായത്തുമായി കരാർ ഉടമ്പടി വെയ്ക്കുന്നുണ്ടെങ്കിലും കരാറിലെ പല ഭാഗങ്ങളും പൂരിപ്പിക്കുന്നില്ല.

4. മസ്റ്റർ റോളുകളിൽ പ്രവൃത്തി നടത്തിയ മാസം രേഖപ്പെടുത്തുന്നില്ല.

5. പ്രവൃത്തികളുടെ ഫയലിൽ മിനിട്സ് ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇവയിൽ പല പ്രവൃത്തികളിലും ആകെ രണ്ടു

യോഗങ്ങൾ മാത്രം ചേർന്നതിന്റെ വിവരങ്ങൾ മാത്രമാണുള്ളത്. പല മിനിട്സ് ബുക്കുകളിലും രണ്ടാമത്തെ യോഗം ചേർന്നത് വരവ് ചെലവ് കണക്കു തയ്യാറാക്കുന്നതിനു വേണ്ടിയാണെന്നു കാണുന്നു.

6.നിർമ്മാണ സാധനങ്ങൾ വാങ്ങുന്നതിന് ബിൽ സൂക്ഷിക്കേണ്ടതും (ബിറ്റുമിൻ ഉൾപ്പെടെ), വരവ് ചെലവ് കണക്ക്, ദൈനംദിന ഡയറി എന്നിവ തയ്യാറാക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ടാർ വാങ്ങിയതിന്റെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1.ചെറുപൊയിൽ - എരേരക്കൽ റോഡ്, 48/17

2. നാട്ടിക്കല്ല് - കോളനി റോഡ്, 101/17

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-4 വനിതകൾക്ക് മുട്ടക്കോഴി വിതരണം പദ്ധതി നടത്തിപ്പിൽ അപാകതകൾ

നിവർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രൊജക്ട് നം. - എസ്.ഒ 122/17

ചെലവഴിച്ച തുക - 541500/- (ബിൽ നമ്പർ - 3/2016-17-403000/-

ബിൽ നമ്പർ 6/2016-17- 38500/-)

പദ്ധതി വിഭാവനം ചെയ്യുന്ന പ്രകാരം 7581 മുട്ടക്കോഴികളെ 1083 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാൻ തീരുമാനിച്ചു. സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ പ്രത്യേക പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് പൊതുമാർക്കറ്റിൽ നിന്നോ നേരിട്ട് കോഴികളെ വാങ്ങാം എന്നാണ്. എന്നാൽ പദ്ധതി നടത്തിപ്പ് ഓഡിറ്റ് പരിശോധനക്ക് വിധേയമാക്കിയപ്പോൾ ഹിമ എഗ്ഗർ നേഴ്സറി തലക്കുളത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും 5989 കോഴികളെയും ഹർഷ എഗ്ഗർ നേഴ്സറി അന്നശ്ശേരിയിൽ നിന്ന് 1092 കോഴികളെയും വാങ്ങി വിതരണം ചെയ്തു. ഒരാൾക്ക് 7 കോഴികളെയാണ് വിതരണം ചെയ്യാൻ വിഭാവനം ചെയ്തത്. എന്നാൽ കോഴികളെ കൈപ്പറ്റി എന്നല്ലാതെ ഗുണഭോക്താക്കൾ ഓരോരുത്തരും എത്ര കോഴികളെയാണ് കൈപ്പറ്റിയതെന്ന് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. കൂടാതെ മേൽ എഗ്ഗർ നേഴ്സറികൾ മൃഗ സംരക്ഷണ വകുപ്പ് അംഗീകരിച്ചതാണോ എന്ന വിവരവും ലഭ്യമല്ല. എഗ്ഗർ നേഴ്സറികളിൽ വളർത്താൻ കഴിയുന്ന കോഴികളുടെ എണ്ണം എത്രയെന്നും വ്യക്തമല്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-5 എസ്.സി. വനിതകൾക്ക് മുട്ടക്കോഴി വിതരണം - പദ്ധതി നടത്തിപ്പിൽ വീഴ്ചകൾ

പ്രൊജക്ട് നമ്പർ - എസ്.0029/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

ചെലവഴിച്ച തുക - 100000 – പദ്ധതി വിഹിതം

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. ഹർഷ എഗ്ഗർ നേഴ്സറി, അന്നശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നാണ് 1400 കോഴിക്കുഞ്ഞുങ്ങളെ ബിൽ നം. 86/18.02.2017 പ്രകാരം വാങ്ങിയത്. അംഗീകൃത എഗ്ഗർ നേഴ്സറിയാണോ മേൽ നേഴ്സറിയെന്നും അവയിൽ വളർത്താൻ കഴിയുന്ന കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം എത്രയാണോ എന്നും വ്യക്തമാക്കുന്ന രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2. ഷൈനി, ചെറുകര എന്ന ഗുണഭോക്താവ് 2 തവണകോഴിക്കുഞ്ഞുങ്ങളെ കൈപ്പറ്റിയിട്ടുണ്ട്.

3. ഗുണഭോക്തൃ പട്ടികയിൽ പേരില്ലാത്തവർക്കും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

എ) റീന മാധവൻ - വാർഡ് നം. 16

ബി) മീനാക്ഷി പിലാത്തോട്ടത്തിൽ - വാർഡ് നം. 17

സി) നിഷ.പി.സി, പുളിയച്ചാലിൽ - വാർഡ് നം. 7

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

സമർപ്പിച്ചിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-6 വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി നടത്തിപ്പിൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്റ്റ് നം. - എസ്.ഒ 180/17

ചെലവ് - 171500 (പ്ലാൻ 168819 + തനത് ഫണ്ട് 2681 = 171500/-)

മേൽ പദ്ധതി പ്രകാരം 49 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കും വിധം 6 X 3 സൈസുള്ള കട്ടിലുകളാണ് വിതരണം ചെയ്തത്. പി.വി.എഞ്ചിനീയറിംഗ് വർക്ക്സ്, മണൽ വയൽ , കൈതപ്പൊയിൽ എന്ന സ്ഥാപനത്തിൽ നിന്നാണ് കട്ടിൽ വാങ്ങിയത്. ടെണ്ടർ പ്രകാരമാണ് വാങ്ങിയത് എന്നാൽ ഒരു ടെണ്ടർ മാത്രമാണ് സമർപ്പിച്ചത്. എന്നാൽ ജി.ഒ(പി)259/2010 ത.സ്വ.ഭ.വ 08.11.2010-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കാനുള്ള മാർഗ്ഗരേഖപ്രകാരം 100000/-കൂടുതൽ വിലയുള്ള സാധനങ്ങൾ വാങ്ങുമ്പോൾ ഓപ്പൺ ടെണ്ടർ നടത്തേണ്ടതും വ്യാപകമായി പ്രചാരമുള്ള ഇംഗ്ലീഷ് ദിനപത്രത്തിലും മലയാള ദിനപത്രത്തിലും പരസ്യം ചെയ്യണം. എന്നാൽ മലയാള ദിനപത്രത്തിൽ മാത്രമാണ് പരസ്യം ചെയ്തത്. ഇത് ശരിയായ നടപടിക്രമമല്ല. മരഫർണീച്ചറുകളുടെ ഗുണനിലവാരം ഫോറസ്റ്റ് റേഞ്ചറുടെ റാങ്കിൽ കുറയാത്ത ആളുടെ പരിശോധന വഴി നടത്തേണ്ടതാണ്. എന്നാൽ അത്തരത്തിൽ ഒരു ഗുണമേന്മ പരിശോധന നടന്നിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-7 പട്ടികജാതിക്കാരുടെ സങ്കേതങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് - 204800/-

പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പ്രകാരം വർക്ക് ഓർഡർ നം. 15/2017 തീയതി 07.03.2017 എന്നാൽ പ്രവൃത്തിയുടെ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. തെരുവു വിളക്കുകൾ സ്ഥാപിക്കാനാവശ്യമായ ലൈൻ സാമഗ്രികളായ ഫിറ്റിംഗ്സുകൾ, ബൾബുകൾ, സി.എഫ്.എൽ ലാമ്പുകൾ എത്ര എണ്ണം ഉപയോഗിച്ചു എന്ന വിവരം ഓഡിറ്റിന് ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-8 അങ്കണവാടി വൈദ്യുതീകരണം - അപാകതകൾ

പ്രൊജക്റ്റ് നം. - എസ്.0165/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ സെന്റർ നം. 61,62,63,65,69,70,49 എന്നീ അങ്കണവാടികളുടെ വൈദ്യുതീകരണത്തിന് 275000/-രൂപ കൊടുവള്ളി സബ്ട്രഷറിയിൽ 8443-00-108 പി.ഡബ്ലിയു ഹെഡ് ഓഫ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ആയതിന്റെ ചെലാൻ ഓഡിറ്റിന് ലഭ്യമല്ല. കൂടാതെ പ്രവൃത്തി പൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമല്ല. മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-9 വനിതകൾക്ക് പെണ്ണാട് വിതരണം - പദ്ധതിയുടെ നിബന്ധനകൾക്ക് വിരുദ്ധമായി ആടുകളെ വിതരണം ചെയ്തു.

പ്രൊജക്റ്റ് നം. - എസ്. 0030/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

ചെലവഴിച്ച തുക - 780000/-

ബിൽ നം. 2/2016-17 – 480000/-

ബിൽ നം. 4/2016-17 – 300000/-

പദ്ധതി പ്രകാരം 65 ഗുണഭോക്താക്കൾക്ക് ആട്ടുകളെ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. പദ്ധതി വിഹിതം 12000/-രൂപ ഗുണഭോക്തൃ വിഹിതം 12000/-രൂപ. 4 ആട്ടുകളെയാണ് ഒരാൾക്ക് വിതരണം ചെയ്യുന്നത്. വാർഷിക വരുമാന പരിധി 50000/-രൂപയിൽ കുറവായ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളാണ്. പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റേണ്ടവർ. എന്നാൽ എ.പി.എൽ വിഭാഗത്തിൽപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആട്ടുകളെ വിതരണം ചെയ്തു.

1. പാത്തുമ്മ തോട്ടത്തിൽ

2. പ്രസന്ന.കെ.പി., കരുണിയിൽ

3. നബീസ.പി., പുറായിൽ (വാർഡ് 10)

4. സൈനബ – കരുങ്ങാം പറമ്പിൽ (വാർഡ് 12)

5. ശാന്ത – പോക്കുന്നുമ്മൽ (വാർഡ് 13)

6. സൗദ – നാലുകണ്ടത്തിൽ (വാർഡ് 13)

7. ഉമ്മു അഫ്സത്ത്, (വാർഡ് 13)

8. ഹഫ്സത്ത്, ഉയ്യക്കുന്നുമ്മൽ

9. അമിത, ചെട്ട്യാംകണ്ടി വീട്ടിൽ താഴം (വാർഡ് 13)

10. ശ്യാമള രവീന്ദ്രൻ, കണ്ടിയിൽമീത്തൽ (വാർഡ് 14)

11. റഷീദ കെ.പി, ചെട്ട്യാം കണ്ടിയിൽ (വാർഡ് 15)

12. ദുഹൈലത്ത് , ഉണ്ണിരാം പൊയിൽ (വാർഡ് 15)

13. റസിയ, കാരക്കോത്ത് (വാർഡ് 15)

14. നഫീസ, തെക്കെ വൈലാങ്കര (വാർഡ് 18)

15. സൈനബ. പി.പുളിയാറക്കൽ (വാർഡ് 10)

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ എ.പി.എൽ വിഭാഗത്തിൽപ്പെടുന്നവരാണെന്നാണ് രേഖകൾ സൂചിപ്പിക്കുന്നത്. ആയതിനാൽ അവർക്ക് ആട്ടുകളെ വിതരണം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-10 പത്രപരസ്യം ആവശ്യമായ ഡിസ്കൗണ്ട് തുക ആവശ്യപ്പെട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - പഞ്ചായത്ത് സെക്രട്ടറി.

ഗ്രാമപഞ്ചായത്തിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നൽകിയ പരസ്യങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഡിസ്കൗണ്ട് നേടിയെടുത്തിട്ടില്ല. ജി.ഒ. (ആർ.ടി.( 1/2011/പി. ആന്റ് എ.ആർ.ഡി. 04.01.2011 ഉത്തരവ് പ്രകാരം പരസ്യങ്ങൾ പി.ആർ.സി. മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കണം. എന്നാൽ താഴെ പറയുന്ന പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് അനുവദിച്ചതായി കാണുന്നില്ല.

| പത്രം | ബിൽ നം./തിയ്യതി | പ്രസിദ്ധീകരിച്ച തിയ്യതി | അളവ് | നിരക്ക് | ബിൽ തുക |
|---|---|---|---|---|---|
| ചന്ദ്രിക | 2033/07.01.2017 | 07.01.2017 | 40 m2 | 75 | 3000 |
| ചന്ദ്രിക | 2392/26.02.2017 | 26.02.2017 | 64 cm2 | 75 | 4800 |
| ചന്ദ്രിക | 2446/02.03.2017 | 02.03.2017 | 48 cm2 | 75 | 3600 |
| | | | | ആകെ | 11400 |
| മാതൃഭൂമി | 60770481/17.12.16 | 17.12.2016 | 40 cm2 | 213 | 7242 |

മേൽ പറഞ്ഞ പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് നിരക്കിൽ 15% ബാങ്കിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ കുറവ് ചെയ്തിട്ടില്ല. ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാവുന്ന 2763 രൂപ ലഭിച്ചിട്ടില്ല. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-11 സമ്പൂർണ്ണ വൈദ്യുതീകരണം -വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമല്ല.

പ്രൊജക്ട് നമ്പർ - എസ്.ഒ.181/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

ചെലവഴിച്ച തുക - 121062/-

2017 മാർച്ച് 31 നകം സംസ്ഥാനം സമ്പൂർണ്ണവൈദ്യുതീകരണം നേടിയ സംസ്ഥാനമായി പ്രഖ്യാപിക്കാനുള്ള ഊർജ്ജിത നടപടികളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നിലവിൽ വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം കണക്കാക്കി. അത് പ്രകാരം 105 ഗുണഭോക്താക്കൾക്ക് വൈദ്യുതി ലഭ്യമാക്കേണ്ടതുണ്ട്. കെ.എസ്.ഇ.ബി. താമരശ്ശേരി ഇലക്ട്രിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ കത്ത് പ്രകാരം ( നമ്പർ/തിയ്യതി എന്നിവ കത്തിൽ രേഖപ്പെടുത്തിയിട്ടില്ല.) 105 ഗുണഭോക്താക്കൾക്ക് വേണ്ടി പോസ്റ്റ് സ്ഥാപിച്ചും ലൈൻ വലിച്ചുമുള്ള വൈദ്യുതീകരണ പ്രവൃത്തിക്ക് 9,68,492/- രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നതായും പ്രസ്തുത തുകയിൽ നിന്നും 50% ൽ കവിയാത്ത തുക ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച് കിട്ടിയാൽ മാത്രമേ സമ്പൂർണ്ണ വൈദ്യുതീകരണ ലക്ഷ്യം പ്രാവർത്തികമാകുകയുള്ളൂ എന്നും അറിയിച്ചു. പ്രസ്തുത ആവശ്യത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും 1,21,062 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ ബാലുശ്ശേരിയ്ക്ക് നൽകി. എന്നാൽ ഈ പ്രവൃത്തിക്ക് വേണ്ടി തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-12 മരുന്നുകൾ ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവേദം)

1)പ്രോജക്ടിന്റെ പേര് : ആയുർവേദ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങൽ, 33/17

അടങ്കൽ : 2,00,000/-മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

ചെലവ് : 2,00,000/-ബിൽ നം. 1/16-17 തീ. 26.11.2016

മെഡിക്കൽ ഓഫീസർ(ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ആയുർവേദ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഔഷധിയ്ക്ക് 2,00,000/- രൂപ നൽകിയിട്ടുണ്ട്. ഇതുവരെ 173540 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 26460/- രൂപയുടെ മരുന്നുകൾ ഓഡിറ്റ് തീയതി വരെയും ലഭ്യമായിട്ടില്ല.

2) പ്രോജക്ടിന്റെ പേര് : സിദ്ധ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങൽ, 33/17

അടങ്കൽ : 3,00,000/-മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

ചെലവ് : 3,00,000/-ബിൽ നം. 2/16-17 തീ. 26.11.2016

മേൽ പ്രൊജക്ട് പ്രകാരം സിദ്ധ മരുന്നുകൾ ലഭ്യമാക്കുന്നതിന് 3,00,000 രൂപ ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 248432രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 51568 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 വിനിയോഗവിവരം ഹാജരാക്കിയില്ല.

സെക്രട്ടറി, വെറ്ററിനറി സർജൻ, ഹെഡ്മാസ്റ്റർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം കൈമാറിയ തുകകളുടെ

വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥന്റെ പേര് | പ്രൊജക്ട നമ്പരും പേരും | കൈപ്പറ്റിയ സ്ഥാപനം | തുക | വൌച്ചർ നമ്പർ |
|---|---|---|---|---|---|
| 1 | വെറ്ററിനറി സർജൻ | എസ്.0022/17 - പ്രത്യേക കന്നുകുട്ടി പരിപാലനം | അസിസ്റ്റന്റ് ഡയരക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം | 3,12,500/- | |
| 2 | സെക്രട്ടറി | കേരളസാമൂഹ്യ സുരക്ഷാ മിഷൻ- പഞ്ചായത്ത് വിഹിതം | സാമൂഹ്യ സുരക്ഷാ മിഷൻ | 1,18,255/- | |
| 3 | ഹെഡ്മാസ്റ്റർ, ഗവ. യു.പി.സ്കൂൾ എളേറ്റിൽ വട്ടോളി | 19/17, എസ് എസ് എ വിഹിതം നൽകൽ | എസ് എസ് എ ജില്ലാ പ്രൊജക്ട് ഓഫീസർ | 4,00,000/- | ബിൽ നം.1/17.2.17, 2/16.3.17 |
| | | ആകെ | | 830755/- | |

മുകളിൽ പരാമർശിച്ച തുകകൾ നിർദ്ദിഷ്ട ആവശ്യങ്ങൾക്ക വേണ്ടി വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം പരിശോധനയ്ക്കു ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 830755 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-14 ഭവന നിർമ്മാണം- പൂർത്തിയായില്ല.

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിൽ2016-17 സാമ്പത്തിക വർഷത്തിൽ വി ഇ ഓ നിർവഹണ ഉദ്യോഗസ്ഥനായ ഭവനനിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം/പേര് . | വീട് പൂർത്തീകരിക്കാത്ത വ്യക്തികളുടെവിലാസം | യൂണിറ്റ് കോസ്റ്റ് | വാങ്ങിയതുക | ബാലൻസ് | സ്റ്റേജ് |
|---|---|---|---|---|---|
| 107/16-17ഭവനനിർമ്മാണം-ജനറൽ2014-15,15-16(so) | ഉഷാനന്ദിനി കള്ളിക്കുടത്തിൽ,കിഴക്കോത്ത് | 200000 | 180000 | 20000 | മേൽക്കൂര |
| 108/16-17ഭവനനിർമ്മാണം (sc)2007-08(so) | കൃഷ്ണൻ,പീടികകണ്ടിയിൽ, കിഴക്കോത്ത് | 75000 | 65000 | 10000 | ചുമർ |
| 109/16-17ഭവനനിർമ്മാണം-ജനറൽ(so) | 1)സുനിത,കരീംകൊറ്റിയിൽ വലിയപറമ്പ്<br>2)സ്മിത,ചെറിയപാലോറമ്മൽ | 50000<br>50000 | 45000<br>30000 | 5000<br>20000 | തറ<br>ചുമർ |

വീട് പണി കൃത്യസമയത്ത് പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് വി ഇ ഒ സമർപ്പിച്ച മറുപടിയിൽ മേൽ ഗുണഭോക്താക്കൾക്ക് അധികധനസഹായം അനുവദിച്ചുകൊണ്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | - | 221725 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 221725 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | - | 544780 | അങ്കണവാടി പോഷകാഹാരം | 544780 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി ഡബ്ല്യ ഡി ഇലക്ട്രിക്കൽ | അങ്കണവാടി വൈദ്യുതീകരണം | 21600967/29.3.17 | 275000 | - | 275000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ തിരിച്ചടവ് | എം.എസ്.209/09, തിയ്യതി. 7.11.2009 | 7320352 | 2161621 | 500000 | | 1661621 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1034130 |
| തൻവർഷം നിക്ഷേപിച്ച തുക | 114832 |
| ആകെ | 1148962 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1148962 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എഫ്.ഡി നമ്പർ 760- സർവ്വീസ് സഹകരണ ബാങ്ക് | 205954 |
| എഫ്.ഡി നമ്പർ 759- സർവ്വീസ് സഹകരണ ബാങ്ക് | 654936 |
| എഫ്.ഡി നമ്പർ 769- സർവ്വീസ് സഹകരണ ബാങ്ക് | 288072 |
| ആകെ | 1148962 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 23 | 2004-05 | 1 | ക്യാഷ് ബുക്ക് എഴുതിയിട്ടില്ല | നടപടി തുടരുന്നു |
| 2002-03 | | 2004-05 | 3 | നികുതി പിരിവിൽ അലംഭാവം,കുടിശ്ശിക പെരുകുന്നു.<br>കെട്ടിടനികുതി -93,331/-<br>തൊഴിൽനികുതി -23,715/- | “ |
| 2001-02 | പൊതു പരാമർശം | 2003-04 | 27, 29 | നികുതി കാലഹരണപ്പെട്ടു. | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,35,85,392 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,15,06,995 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 32,79,772 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 250 | | ശ്രീ.പി.രാമചന്ദ്രൻ, സെക്രട്ടറി, |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,39,990/- | ശ്രീ.പി.രാമചന്ദ്രൻ, സെക്രട്ടറി, |
| 3-2 | 1,15,165/- | |
| 3-4 | 5,41,500/- | ഡോ.വിക്രാന്ത്, വെറ്ററിനറി സർജൻ |
| 3-5 | 1,00,000/- | |
| 3-6 | 1,71,500/- | ശ്രീമതി.ഗിരിജ.കെ, അസി. സെക്രട്ടറി |
| 3-7 | 2,04,800/- | |
| 3-8 | 2,75,000/- | ശ്രീ.പി.രാമചന്ദ്രൻ, സെക്രട്ടറി, |
| 3-9 | 7,80,000/- | ഡോ.വിക്രാന്ത്, വെറ്ററിനറി സർജൻ |
| 3-11 | 1,21,062/- | ശ്രീ.പി.രാമചന്ദ്രൻ, സെക്രട്ടറി, |
| 3-13 | 3,12,500/-<br>1,18,255/-<br>4,00,000/- | ഡോ.വിക്രാന്ത്, വെറ്ററിനറി സർജൻ<br>ശ്രീ.പി.രാമചന്ദ്രൻ, സെക്രട്ടറി,<br>ശ്രീ.അബ്ദുൾ ഷുക്കൂർ, ഹെഡ്മാസ്റ്റർ |
| | 32,79,772 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.രാമചന്ദ്രൻ, സെക്രട്ടറി, | സെക്രട്ടറി, കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത് | അയ്യിൽ, പന്തീരാങ്കാവ് |
| ശ്രീമതി.ഗിരിജ.കെ, അസി. സെക്രട്ടറി | അസി.സെക്രട്ടറി, കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത് | തവനൂർ, മാനിപുരം |
| ഡോ.വിക്രാന്ത്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത് | പുൽപറമ്പിൽ, കോണോട്ട്,കുന്ദമംഗലം |
| ശ്രീ.അബ്ദുൾ ഷുക്കൂർ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത് | പൊയിലിൽ, പുന്നശ്ശേരി, നരിക്കുനി |

## **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1985-86 | എൽ.എഫ്.പി6/1043/96 തി 16.8.96 | 2 | |
| 1986-87 | എൽ.എഫ്.പി6/1044/96 തി16.8.96 | 1 | |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി1/700/13(1) തി 3.1.14 | 1 | |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി1/1613(10)/09 തി 14.7.10 | 1 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി1/1613(11)/09 തി 14.7.10 | 1 | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി1/1205(14) തി 13.8.14 | 7 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി1/1613(13)/09 തി 14.7.10 | 16 | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി1/1578(1)/11 തി 25.11.11 | 16 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി1/1578(2)/11 | 13 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി1/1579/11 തി 25.11.11 | 10 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി1/1205/14 തി 13.8.14 | 10 | |
| 2010-11&11-12 | എൽ.എഫ്.കെ.കെ.ഡി.പി1/1901/13 തി 3.1.14 | 24 | |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി1/48/2015 തി 8-1-2015 | 14 | |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി.1/1129/16/23.06.16 | 13 | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.1/2049/16/21.11.16 | 16 | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം- 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.കെ.ഡി/പി1/1539/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി- 05.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പും 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ് അവലംബിച്ചും കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2016 –17 വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ള കാര്യങ്ങളിലൊഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- ാം വകുപ്പും 12.06.2003 ലെ ജി.ഒ.(പി)/319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P1/1539 /2017

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date: 05.08.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kizhakkoth Grama Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kizhakkoth Gramapanchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

District Audit Office, Kozhikode.